2026
MARCH
07
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സെൻസസ് രണ്ട് ഘട്ടമായി; വിവര ശേഖരണത്തിന് ഡിജിറ്റൽ സംവിധാനം

**ന്യൂഡൽഹി:** രാജ്യത്ത് 2027 ഫെബ്രുവരിൽ ആരംഭിക്കുന്ന സെൻസസ് നടക്കുക രണ്ടു ഘട്ടമായി. ഇതാദ്യമായി ഡിജിറ്റലായിട്ടാണ് സെൻസസ് പ്രക്രിയ നടക്കുന്നത് ഇതിനായുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെയും മാസ്കോട്ടുകളുടെയും ലോഞ്ചിംഗ് നടന്നു. രണ്ട് ഘട്ടങ്ങളിലായി നടത്തപ്പെടുന്ന 2027ലെ സെൻസസ് ലോകത്തിലെ ഏറ്റവും വലിയ സെൻസസ് പ്രക്രിയയാണ്. പൗരന്മാർക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സെൽഫ് എന്യൂമറേഷൻ സൗകര്യവും ആദ്യമായി ലഭ്യമാക്കിയിട്ടുണ്ട്. വീടുതോറുമുള്ള സർവ്വേയ്ക്ക് മുൻപായി 16 ഭാഷകളിൽ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താൻ സാധിക്കുന്ന സുരക്ഷിതമായ ഒരു വെബ് അധിഷ്ഠിത സംവിധാനമാണ് സെൽഫ് എന്യൂമറേഷൻ.



രാജ്യത്തുടനീളമുള്ള 3 ദശലക്ഷത്തിലധികം എന്യൂമറേറ്റർമാരും സൂപ്പർവൈസർമാരും മറ്റ് ഉദ്യോഗസ്ഥരും 2027ലെ സെൻസസ് പ്രക്രിയയിൽ പങ്കാളികളാകും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, 2027ലെ സെൻസസിനായുള്ള നാല് ഡിജിറ്റൽ ഉപകരണങ്ങളുടെ സോഫ്റ്റ് ലോഞ്ചും 'പ്രഗതി' (സ്ത്രീ), 'വികാസ്' (പുരുഷൻ) എന്നീ മാസ്കോട്ടുകളുടെ ഔദ്യോഗിക അനാച്ഛാദനവും ന്യൂഡൽഹിയിൽ നിർവ്വഹിച്ചു. രാജ്യത്തുടനീളമുള്ള എന്യൂമറേഷൻ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (C-DAC) വിപുലമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചിട്ടുണ്ട്. 2025 ജൂൺ 16ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ 2027ലെ സെൻസസ് നടപടികൾക്ക് ഔദ്യോഗികമായി തുടക്കം കുറിക്കുകയും ചെയ്തിരുന്നു. ഹൗസ് ലിസ്റ്റിംഗ് ബ്ലോക്ക് ക്രിയേറ്റർ വെബ് ആപ്ലിക്കേഷൻ, എച്ച്എൽഒ മൊബൈൽ ആപ്ലിക്കേഷൻ, സെൽഫ് എന്യൂമറേഷൻ പോർട്ടൽ, സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം പോർട്ടൽ എന്നിവയാണ് സെൻസസിന് ഉപയോഗിക്കുന്ന നാല് ഡിജിറ്റൽ ഉപകരണങ്ങൾ.

രാജ്യത്തുടനീളം കൃത്യവും ഏകീകൃതവുമായ ഭൂമിശാസ്ത്രപരമായ പരിധി ഉറപ്പാക്കിക്കൊണ്ട്, സാറ്റലൈറ്റ് ചിത്രങ്ങൾ ഉപയോഗിച്ച് ഹൗസ്‌ലിസ്റ്റിംഗ് ബ്ലോക്കുകൾ ഡിജിറ്റലായി നിർമ്മിക്കാൻ ചാർജ്ജ് ഓഫീസർമാരെ സഹായിക്കുന്ന ഒരു വെബ്മാപ്പ് ആപ്ലിക്കേഷനാണ് ഹൗസ് ലിസ്റ്റിംഗ് ബ്ലോക്ക് ക്രിയേറ്റർ വെബ് ആപ്ലിക്കേഷൻ, എന്യൂമറേറ്റർമാർക്ക് ഹൗസ്‌ലിസ്റ്റിംഗ് വിവരങ്ങൾ ശേഖരിക്കുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള സുരക്ഷിതമായ ഒരു ഓഫ്‌ലൈൻ മൊബൈൽ ആപ്ലിക്കേഷനാണ് എച്ച്എൽഒ മൊബൈൽ ആപ്ലിക്കേഷൻ. സിഎംഎംഎസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എന്യൂമറേറ്റർമാർക്ക് മാത്രമേ ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാൻ കഴിയൂ.

പരമ്പരാഗത പേപ്പർ ജോലികൾ ഒഴിവാക്കിക്കൊണ്ട്, ഫീൽഡിൽ നിന്നുള്ള വിവരങ്ങൾ നേരിട്ട് സെർവറിലേക്ക് അയക്കാൻ ഈ ആപ്പ് സഹായിക്കുന്നു. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറുകൾ ഉപയോഗിച്ച് മാത്രം പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഈ ആപ്പിലൂടെയാണ് എല്ലാ ഹൗസ് ലിസ്റ്റിംഗ് വിവരങ്ങളും ശേഖരിക്കുക. ആൻഡ്രോയിഡ്, ഐഒഎസ് പ്ലാറ്റ് ഫോമുകളിൽ ലഭ്യമായ ഈ ആപ്ലിക്കേഷൻ 16 പ്രാദേശിക ഭാഷകളിൽ പ്രവർത്തിപ്പിക്കാൻ സാധിക്കും. ഇതാദ്യമായയാണ് പൗരന്മാർക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം ഏർപ്പെടുത്തുന്നത്.

ഫീൽഡ് പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുൻപ് തന്നെ ഒരു വീട്ടിലെ യോഗ്യരായ അംഗങ്ങൾക്ക് അവരുടെ വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കാൻ പ്രാപ്തമാക്കുന്ന സുരക്ഷിതമായ ഒരു വെബ് അധിഷ്ഠിത സംവിധാനമാണിത്. വിവരങ്ങൾ വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ ഒരു പ്രത്യേക സെൽഫ് എന്യൂമറേഷൻ ഐഡി ലഭിക്കും. ഈ സെൽഫ് എന്യൂമറേഷൻ ഐഡി എന്യൂമറേറ്റർക്ക് നൽകുന്നതിലൂടെ എന്യൂമറേറ്റർമാർക്ക് വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കും. ഭരണപരമായ എല്ലാ തലങ്ങളിലും സെൻസസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നിയന്ത്രിക്കാനും നടപ്പിലാക്കാനും നിരീക്ഷിക്കാനും രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു കേന്ദ്രീകൃത വെബ് അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ് ഫോമാണ് സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം പോർട്ടൽ. ഉപജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് സെൻസസ് പുരോഗതിയും ഫീൽഡിലെ പ്രവർത്തനങ്ങളും തത്സമയം നിരീക്ഷിക്കാൻ ഇതിലെ സംയോജിത ഡാഷ്ബോർഡ് വഴി സാധിക്കും. രണ്ടു ഘട്ടമായിട്ടാണ് സെൻസസ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ, വീടുകളുടെ അവസ്ഥയെക്കുറിച്ചും വീട്ടിലെ സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളാണ് ശേഖരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ രാജ്യത്തെ ഓരോ വ്യക്തിയുടേയും ജനസംഖ്യാപരവും സാമൂഹികവും സാമ്പത്തികവുമായ വിവരങ്ങൾ രേഖപ്പെടുത്തും.

# നൈപുണ്യവികസനവും തൊഴിലും; ഇന്ത്യയും ഫിൻലൻഡും സഹകരണം ശക്തിപ്പെടുത്തും

**ന്യൂഡൽഹി:** നൈപുണ്യ വികസനം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ ചലനക്ഷമത എന്നീ മേഖലകളിൽ ഇന്ത്യയും ഫിൻലൻഡും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരിയും ഫിൻലൻഡ് തൊഴിൽ മന്ത്രി മാറ്റിയാസ് മാർട്ടിനനും ഉഭയകക്ഷി ചർച്ചകൾ നടത്തി. ഭാവിയിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തിയുള്ള നൈപുണ്യ ആവാസവ്യവസ്ഥകൾ കെട്ടിപ്പടുക്കുന്നതിലുള്ള ഇരുരാജ്യങ്ങളുടെയും യോജിച്ചുള്ള പ്രവർത്തനം ലക്ഷ്യമിട്ടായിരുന്നു ചർച്ച നടത്തിയത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും വൈദഗ്ധ്യമുള്ള തൊഴിലാളികൾക്ക് മികച്ച തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി, സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, പരിശീലന സംവിധാനങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരു മന്ത്രിമാരും ചർച്ച ചെയ്തു.

ആഗോള നൈപുണ്യ തലസ്ഥാനമായി ഇന്ത്യ അതിവേഗം വളരുകയാണ്. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞതും ഊർജ്ജസ്വലവുമായ തൊഴിൽ ശക്തിയും, അതിവേഗം വളരുന്ന നൈപുണ്യ ആവാസവ്യവസ്ഥയും ഉള്ള ഇന്ത്യയ്ക്ക് ആഗോള വ്യവസായ മേഖലകളിലേക്ക് വിദഗ്ധരായ പ്രതിഭകളെ സംഭാവന ചെയ്യാൻ സാധിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരി വ്യക്തമാക്കി. ഇന്ത്യയുടെ ജനസംഖ്യാപരമായ കരുത്തും ഫിൻലൻഡിന്റെ സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ മികവും നൈപുണ്യ വികസന രംഗത്ത് സ്വാഭാവികമായ ഒരു പങ്കാളിത്തത്തിന് വഴിതുറക്കുന്നു. പരിശീലന




സംവിധാനങ്ങളിൽ പ്രായോഗികമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും, ഉയർന്ന നിലവാരമുള്ള പരിശീലനം ഉറപ്പാക്കിക്കൊണ്ട് വിദഗ്ദ്ധരായ യുവാക്കൾക്ക് ആഗോള അവസരങ്ങൾ ലഭ്യമാക്കുന്നതിലുമാണ് ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരി വ്യക്തമാക്കി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും തൊഴിൽ വികസനത്തിലും ഇന്ത്യയുമായുള്ള വളർന്നുവരുന്ന പങ്കാളിത്തത്തിന് ഫിൻലൻഡ് വലിയ വില കൽപ്പിക്കുന്നുന്നെ് ഫിൻലൻഡ് തൊഴിൽ മന്ത്രി മാറ്റിയാസ് മാർട്ടിനൻ പറഞ്ഞു. ഇന്ത്യയുടെ ശക്തമായ നൈപുണ്യ ആവാസവ്യവസ്ഥയും അവിടുത്തെ യുവപ്രതിഭകളും കൂടുതൽ സഹകരണത്തിനുള്ള വലിയ അവസരങ്ങളാണ് നൽകുന്നത്. സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിലൂടെ, നവീകരണവും നൈപുണ്യ വികസനവും സുസ്ഥിരമായ സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിൽ മേഖലയിലെ വെല്ലുവിളികളെ പരിഹരിക്കാനും സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ആരോഗ്യ സംരക്ഷണം, നിർമ്മാണ മേഖല, ഹരിത സാങ്കേതികവിദ്യകൾ, അത്യാധുനിക നിർമ്മാണ രീതികൾ എന്നീ മേഖലകളിലെ സാധ്യതകൾ ചർച്ചയായി. വിദഗ്ധരായ പ്രൊഫഷണലുകൾക്ക് ആഗോള അവസരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം, ഉയർന്ന നിലവാരമുള്ള പരിശീലനം, സർട്ടിഫിക്കേഷൻ, തൊഴിലാളി ക്ഷേമം എന്നിവ ഉറപ്പാക്കുന്ന ഗുണകരമായ തൊഴിൽ കുടിയേറ്റ ചട്ടക്കൂടുകളുടെ പ്രാധാന്യം ഇരുപക്ഷവും ചർച്ചയിൽ ഉയർത്തിക്കാട്ടി ഊന്നിപ്പറഞ്ഞു. ഇരുരാജ്യങ്ങളിലെയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസപരിശീലന സ്ഥാപനങ്ങൾ തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തേണ്ടതിന്റെയും, പരസ്പരം അറിവ് പങ്കുവെക്കുന്നതിന്റെയും, വ്യവസായഅധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും പ്രാധാന്യം ഇരുമന്ത്രിമാരും വിലയിരുത്തി. കൂടാതെ, പരിശീലകരുടെ ശേഷി വർദ്ധിപ്പിക്കുക, തൊഴിലധിഷ്ഠിത പരിശീലനത്തിനൊപ്പം അക്കാദമിക് യോഗ്യതകളും നേടാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന രീതികൾ വികസിപ്പിക്കുക തുടങ്ങിയ കാര്യങ്ങളും ചർച്ച ചെയ്തു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കൊച്ചി കോർപ്പറേഷൻ പഴയ ഓഫീസ് കൗൺസിൽ ഹാൾ :** കൊച്ചി നഗരസഭയുടെയും കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടേയും ജില്ലാ നിയമ സേവന അതോറിറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ പൊതുജനങ്ങളുടെ പരാതിയും തർക്ക പരിഹാരവും നഗരസഭ തലത്തിൽ തന്നെ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള സ്ഥിരം പരാതി പരിഹാര അദാലത്ത് രാവിലെ 10 മണിക്ക് നടക്കും.

■ **എറണാകുളം ഹൈക്കോടതി ജംഗ്ഷൻ, വഞ്ചി സ്ക്വയർ :** സീടോ (സീറോ ടോളറൻസ് ടു സെക്ഷ്വൽ വയലൻസ്) മൂവ്മെന്റിന്റെ ഔദ്യോഗിക കാമ്പയിൻ ലോഞ്ച് വൈകുന്നേരം 4 മണി മുതൽ. രാഷ്ട്രീയ വിശദീകരണം, അനുഭവങ്ങൾ പങ്കുവെക്കൽ, കലാസാംസ്കാരിക പരിപാടികൾ എന്നിവ ലോഞ്ചിന്റെ ഭാഗമായി ഉണ്ടായിരിക്കും.

■ **എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ട് :** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കേരള ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ടന്റിഫോറും ഫ്ളവേഴ്സും സംയുക്തമായി സംഘടിപ്പിക്കുന്ന മിഡ് നൈറ്റ് റൺ രാത്രി 9 മണിക്ക്

■ **ഹൈക്കോടതി ഓഡിറ്റോറിയം:** ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ രജത ജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകുന്നേരം മൂന്നിന് നിർവ്വഹിക്കും. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും. ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷന്റെ പുതിയ ലോഗോയുടെ പ്രകാശനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമെൻ സെൻ നിർവ്വഹിക്കും. രജത ജൂബിലി സുവനീറിന്റെ കവർചിത്ര പ്രകാശനം അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ് നിർവ്വഹിക്കും.

■ **ലുലു മാൾ :** ലുലു ഹോളി ഉത്സവ് വൈകുന്നേരം 4 മണി മുതൽ.

## കളമശേരി

■ **കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി :** കൊച്ചി സർവകലാശാല വിമൻസ് സ്റ്റഡീസ് സെന്റർ വനിതാദിനത്തോടനുബന്ധിച്ച് ഉച്ചയ്ക്ക് 2ന് ഓൺലൈനിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നു.

■ **കളമശേരി നുവാൽസ് സെമിനാർ ഹാൾ :** പുതിയ സമുദ്രനിയമങ്ങളെക്കുറിച്ച് പ്രത്യേക പ്രഭാഷണം രാവിലെ 10.30ന്. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് വി. എം. ശ്യാംകുമാർ മുഖ്യപ്രഭാഷണം നടത്തും. നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. ഡോ. ജി. ബി. റെഡ്ഡി അധ്യക്ഷത വഹിക്കും. നുവാൽസ് പ്രൊഫസർ പ്രൊഫ ഡോ.അനിൽ ആർ. നായർ, ഹൈക്കോടതി അഭിഭാഷകൻ അഡ്വ. വി. ബി. ഹരി നാരായണൻ എന്നിവർ പ്രസംഗിക്കും.

■ **കളമശേരി നുവാൽസ് കാമ്പസ് :** വോളിബോൾ കോർട്ട് ഉദ്ഘാടനം രാവിലെ 11.45 ന് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും. ഇന്ത്യൻ വോളിബോൾ താരം കിഷോർ കുമാർ മുഖ്യ അതിഥിയായിരിക്കും.

## വൈപ്പിൻ

■ **മാലിപ്പുറം കർത്തേടം സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം :** ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവീസ് ഓർഗനൈസേഷൻ എറണാകുളം ജില്ലാ സമ്മേളനം വൈകിട്ട് 3ന് സാഹിത്യകാരൻ ആലങ്കോട് ലീലാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സ്വാഗതസംഘം ചെയർമാൻ കെ എൽ ദിലീപ്കുമാർ അധ്യക്ഷത വഹിക്കും.

## കാലടി

■ **ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല :** അമിനിറ്റി സെന്റർ, ആംഫി തീയറ്റർ, ആർട്ട് ഗാലറി ആൻഡ് എക്സിബിഷൻ സെന്റർ, പുതുതായി തുടങ്ങുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യൂക്കേഷൻ പ്രോഗ്രാം എന്നിവയുടെ ഉദ്ഘാടനം മന്ത്രി ഡോ. ആർ. ബിന്ദു രാവിലെ 11 ന് നിർവഹിക്കും. വൈസ് ചാൻസലർ ഡോ. കെ കെ ഗീതാകുമാരി അധ്യക്ഷയാകും.

## കോലഞ്ചേരി

■ **മഴുവന്നൂർ പഞ്ചായത്ത് ഹാൾ :** കിസ്സാൻ സർവീസ് സൊസൈറ്റി മഴുവന്നൂർ യൂണിറ്റ്, മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്, മഴുവന്നൂർ കൃഷി ഭവൻ എന്നിവർ സംയുക്തമായി നടത്തുന്ന വനിതാ കർഷക വർഷം 2026 ഉദ്ഘാടനം രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് അംഗം സുജിത് പോൾ നിർവഹിക്കും. മഴുവന്നൂർ പഞ്ചായത്ത് പ്രസിഡന്റ് മിനി മോഹൻദാസ് അധ്യക്ഷത വഹിക്കും. കിസ്സാൻ സർവീസ് സൊസൈറ്റി ദേശീയ ജനറൽ സെക്രട്ടറിയും ബി.എസ്.എസ് സ്കിൽ ഡിവിഷൻ നാഷ്ണൽ കോർഡിനേറ്ററുമായ എസ്. സുരേഷ് മുഖ്യ പ്രഭാഷണം നടത്തും.

ഷൂട്ട് @ സൈറ്റ്




**വോട്ട് മുഖ്യം......** കേരളത്തിൽ നടക്കാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി കൊച്ചിയിലെത്തിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ ഗ്യാനേഷ്കുമാർ വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് കോളജ് വിദ്യാർഥികളുമായി പങ്കുവെയ്ക്കുന്നു.

**എ. എസ് സതീഷ്**

# ഓർമ്മകളിൽ സഞ്ചരിച്ച് ഗ്യാനേഷ് കുമാർ; വിദ്യാർഥികളുമായി സംവാദം

**കൊച്ചി:** ഏറ്റവും മികച്ച തിരഞ്ഞെടുപ്പിന് കേരളം സാക്ഷ്യം വഹിക്കുമെന്നും ഇവിടുത്തെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ലോകത്തിന് തന്നെ ഒരു മാതൃകയായിരിക്കുമെന്നും കേന്ദ്ര മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഗോശ്രീ പാലത്തിൽ യുവ വോട്ടർമാർക്കായി സംഘടിപ്പിച്ച ബോധവത്കരണ പരിപാടിയിൽ വിദ്യാർത്ഥികളോട് സംവദിക്കുകയായിരുന്നു അദ്ദേഹം. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഒരുക്കങ്ങൾ വിലയിരുത്താനാണ് അദ്ദേഹം കൊച്ചിയിൽ എത്തിയത്. ഗോശ്രീ പാലത്തിലൂടെ വിദ്യാർത്ഥികൾക്കൊപ്പം നടന്ന് അദ്ദേഹം ഓർമ്മകൾ പങ്കുവെച്ചു. വൈപ്പിൻ ദ്വീപ് നിവാസികളുടെ പതിറ്റാണ്ടുകൾ നീണ്ട യാത്രാദുരിതത്തിന് അറുതി വരുത്തിക്കൊണ്ട് യാഥാർത്ഥ്യമായ ഗോശ്രീ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അനുഭവങ്ങളും വിവിധ ഘട്ടങ്ങളും പ്രതിസന്ധികളും അദ്ദേഹം വിവരിച്ചു. പാലത്തിന്റെ തൂണുകളിൽ കൊത്തുപണികളായി രേഖപ്പെടുത്തിയിരിക്കുന്ന കേരളത്തിന്റെ കലാരൂപങ്ങളെ കുറിച്ചും ഗ്യാനേഷ്കുമാർ വിശദീകരിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ എറണാകുളം ജില്ലാ കളക്ടറായിരുന്ന കാലത്താണ് ഗോശ്രീ പാലം യാഥാർഥ്യമായത് .

കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയും ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കാര്യക്ഷമതയും ഒത്തുചേരുമ്പോൾ ഇന്ത്യയിലെ തന്നെ ഏറ്റവും സുതാര്യവും ജനകീയവുമായ തിരഞ്ഞെടുപ്പായി ഇത് മാറുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. പരിപാടിയിൽ ജനാധിപത്യ പ്രക്രിയയിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി കന്നി വോട്ടർമാർക്ക് വോട്ടർ ഐ.ഡി കൈമാറുകയും സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു .

പരിപാടിയിൽ വിവിധ കോളേജുകളിൽ നിന്നായി മുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. യുവ വോട്ടർമാരെ തിരഞ്ഞെടുപ്പ് പ്രക്രിയയിലേക്ക് ആകർഷിക്കുന്നതിനായി സിദ സീൻമെക്കേഴ്സുമായി സഹകരിച്ച് 'സ്വീപ്' പുറത്തിറക്കിയ 'ജെൻ സി' തീം സോങ്ങിന്റെ അവതരണവും ചടങ്ങിൽ നടന്നു. ജില്ലാ കളക്ടർ ജി പ്രിയങ്ക, സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ ഖേൽകർ, അസിസ്റ്റന്റ് കളക്ടർ ആൻഡ് സ്വീപ് നോഡൽ ഓഫീസർ പാർവതി ഗോപകുമാർ, സ്വീപ് സ്റ്റേറ്റ് ഇൻചാർജ് ശർമിള സി. നായർ, സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, അസിസ്റ്റന്റ് ഇലക്ഷൻ നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹർട്ടിസ്, സിനിമ താരങ്ങളായ ടിനി ടോം, സിജോയ് വർഗീസ്, സരയു, സംഗീത സംവിധായകൻ ജോർജ് പീറ്റർ, സിദ സീൻ മേക്കേർസ് അംഗങ്ങൾ, കെഎംഎം കോളേജ്, കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജ് തൃക്കാക്കരയിലെ വിദ്യാർഥികൾ, അധ്യാപകർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പാചകവാതക ലഭ്യത ഉറപ്പാക്കണം: കെ.എച്ച്.ആർ.എ

**കൊച്ചി:** പശ്ചിമേഷ്യയിലുണ്ടായിട്ടുള്ള യുദ്ധത്തെ തുടർന്ന് ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിനു പുറമെയുള്ള എല്ലാ കൊമേർഷ്യൽ പാചകവാതകങ്ങളുടേയും ഫില്ലിംഗ് നിർത്തിവെക്കുവാൻ കേന്ദ്രസർക്കാർ എണ്ണക്കമ്പനികളോട് നിർദ്ദേശിച്ചത് ഹോട്ടൽ മേഖലയെ ഗുരുതരമായി ബാധിക്കുമെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ. കമേർഷ്യൽ ഗ്യാസ് ഉപയോഗിച്ചാണ് കേരളത്തിലെ റെസ്റ്റോറന്റുകൾ പ്രവർത്തിക്കുന്നത്. ഇപ്പോൾതന്നെ ഗ്യാസിന് ഷോർട്ടേജുണ്ട്. എണ്ണക്കമ്പനികൾ ഫില്ലിംഗ് കൂടി നിർത്തിയാൽ ഗ്യാസ് ലഭ്യമാകാതെ ഹോട്ടൽ മേഖല പൂർണ്ണമായും അടച്ചിടേണ്ടിവരും. ഇത് ഹോട്ടൽ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിനാളുകളേയും പൊതുജനങ്ങളേയും ബുദ്ധിമുട്ടിലാക്കും. ഈ സാഹചര്യത്തിൽ കൊമേർഷ്യൽ പാചകവാതകത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാനും, പൂഴ്ത്തിവെപ്പടക്കമുള്ള കൃത്രിമക്ഷാമം ഒഴിവാക്കുവാനും സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും, കേന്ദ്ര സർക്കാർ കൊമേർഷ്യൽ ഗ്യാസിന്റെ ഫില്ലിംഗ് പുനരാരംഭിക്കുവാൻ എണ്ണക്കമ്പനികൾക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാലും ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും ആവശ്യപ്പെട്ടു.

# സംസ്ഥാന അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ്: പാലക്കാട് ഗവ.പോളിടെക്നിക് കോളജിന് കിരീടം

**കൊച്ചി:** സംസ്ഥാന പോളിടെക്നിക് കോളജ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പാലക്കാട് ഗവ. പോളിടെക്നിക് കോളജിന് ഓവറോൾ കിരീടം. 83 പോയിന്റുമായി എതിരാളികളെ ഏറെ പിന്നിലാക്കിയാണ് പാലക്കാട് പോളിയുടെ നേട്ടം. 50 പോയിന്റുമായി പയ്യന്നൂർ റെസിഡെൻഷ്യൽ വിമൺസ് പോളിടെക്നിക് കോളജ് റണ്ണേഴ്സ് അപ്പായി. ആലപ്പുഴ കാർമൽ പോളിടെക്നിക് കോളജിനാണ് മൂന്നാം സ്ഥാനം (47). അളഗപ്പനഗർ ത്യാഗരാജർ പോളിടെക്നിക് കോളജ് (42), കോഴിക്കോട് ഗവ.പോളിടെക്നിക് കോളജ് (35) ടീമുകൾ യഥാക്രമം നാലും അഞ്ചും സ്ഥാനങ്ങൾ നേടി.

പുരുഷ വിഭാഗത്തിൽ അളഗപ്പനഗർ ത്യാഗരാജർ പോളിടെക്നിക് കോളജ് (38) ചാമ്പ്യൻമാരായി. പാലക്കാട് ഗവ.പോളി രണ്ടാം സ്ഥാനത്തെത്തി (32). തിരൂർ സീതിസാഹിബ് മെമ്മോറിയൽ പോളിടെക്നിക് കോളജിനാണ് മൂന്നാം സ്ഥാനം (29). വനിതാവിഭാഗത്തിൽ ഒറ്റ പോയിന്റ് വ്യത്യാസത്തിൽ പയ്യന്നൂർ വിമൺസ് പോളിടെക്നിക് കോളജിനെ പിന്തള്ളി, പാലക്കാട് ഗവ.പോളിടെക്നിക് കോളജ് (51) കിരീടം നേടി. 28 പോയിന്റുമായി എറണാകുളം ഗവ.വിമൺസ് പോളിടെക്നിക് കോളജ് മൂന്നാം സ്ഥാനക്കാരായി. പുരുഷ വിഭാഗത്തിൽ ട്രിപ്പിൾ സ്വർണം നേടിയ മൂവാറ്റുപുഴ ഇലാഹിയ പോളിടെക്നിക് കോളജിന്റെ ആദിത്യൻ കെ.ബി (200, ലോങ്ജമ്പ്, ട്രിപ്പിൾ ജമ്പ്), വെണ്ണികുളം എം.വി.ജി.എം ഗവ.പോളിടെക്നിക് കോളജിന്റെ വൈഷ്ണവ് വി.വി (1500, 5000, 10,000) എന്നിവർ വ്യക്തിഗത ചാമ്പ്യൻപട്ടം പങ്കിട്ടു. സ്പ്രിന്റ് ഡബിളും (100, 200), ലോങ്ജമ്പ് സ്വർണവും നേടിയ കോഴിക്കോട് ഗവ.പോളിടെക്നിക് കോളജിന്റെ അഞ്ജലി വിജയൻ വി.എസ് ആണ് മേളയിലെ മികച്ച പെൺതാരം. സാങ്കേതിക വിദ്യാഭാസ വകുപ്പ് സീനിയർ ജോ.ഡയറക്ടർ ആനി എബ്രഹാം മുഖ്യാതിഥിയായ സമാപന ചടങ്ങിൽ, കളമശേരി എസ്.ഐ.ടി.ടി.ആർ ഡെപ്യൂട്ടി ഡയറക്ടർ ദീപ കെ.ആർ, കെ.പി.സി.എസ്.ജി സെക്രട്ടറി എ.മുഹമ്മദ് ഷിജു, ജോ.സെക്രട്ടറി നെഗുൽ ബ്രൈറ്റ് പി.എസ്, അത്‌ലറ്റിക്സ് കൺവീനർ രഞ്ജി തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ കേരളത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ ദേശീയ മീറ്റിൽ പങ്കെടുക്കും. കോട്ടയം ഗവ. പോളിടെക്നിക്ക് കോളേജാണ് എറണാകുളം മഹാരാജാസ് കോളജ് മൈതാനിയിൽ നടന്ന ഈ വർഷത്തെ സംസ്ഥാന മേളയ്ക്ക് ആതിഥ്യം വഹിച്ചത്.



## സംസ്കൃത സർവ്വകലാശാല : അമിനിറ്റി സെന്റർ, ആംഫി തീയ്യറ്റർ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശായിൽ കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അമിനിറ്റി സെന്റർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആംഫി തീയറ്റർ, സർവ്വകലാശാലയിലെ ആർട്ട് ഗാലറി ആൻഡ് എക്സിബിഷൻ സെന്റർ, പുതുതായി തുടങ്ങുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം, 'രൂപകൽപ്പന' ആശയാവതരണ പ്രോഗ്രാം എന്നിവയുടെ ഉദ്ഘാടനം കാലടി മുഖ്യകാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ ഉച്ചയ്ക്ക് രണ്ടിന് നടക്കുന്ന ചടങ്ങിൽ മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിക്കും.



മെഡിക്കൽ സെന്റർ, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർപ്പ്സ്, സഹകരണ സംഘം, സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ ഓഫീസുകൾ കൂടാതെ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധത്തിലുള്ള ആധുനിക റെസ്റ്റോറന്റ് എന്നിവയടക്കം 25,000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ പണികഴിപ്പിച്ചിരിക്കുന്ന അമിനിറ്റി സെന്ററിന്റെ ആകെ നിർമ്മാണ ചെലവ് 4.64 കോടി രൂപയാണ്. 600 പേർക്ക് ഇരിക്കാവുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്ന 6000 ചതുരശ്ര അടി വിസ്തീണ്ണമുള്ള ആംഫി തീയറ്ററിന്റെ നിർമ്മാണ ചെലവ് 89 ലക്ഷം രൂപയാണ്. അമിനിറ്റി സെന്ററിന്റെയും ആംഫി തീയറ്ററിന്റെയും നിർമ്മാണ നിർവ്വഹണം നടത്തിയിരിക്കുന്നത് കോസ്റ്റ് ഫോർഡ് ആണ്. രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന് സർക്കാർ ധനസഹായമായി ഒരു കോടി രൂപയാണ് ലഭിച്ചിരിക്കുന്നത്. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ചടങ്ങിൽ അധ്യക്ഷയായിരിക്കും.

അമിനിറ്റി സെന്ററിന്റെ നിർമ്മാണ ചുമതല നിർവ്വഹിച്ച കോസ്റ്റ്ഫോർഡ്, ആംഫി തീയറ്ററിന്റെ നിർമ്മാണത്തിന് ധനസഹായം നൽകിയ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ചടങ്ങിൽ ആദരിക്കും.

## ചെല്ലാനത്തെ രണ്ടാംഘട്ട കടൽ ഭിത്തിയുടെ നിർമ്മാണ ഉദ്ഘാടനം ഇന്ന്

കൊച്ചി: ചെല്ലാനം ഹാർബർ മുതൽ പുത്തൻതോട് വരെ 7.30 കിലോമീറ്റർ ദൈർഘ്യത്തിൽ കോൺക്രീറ്റ് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി പുനർ നിർമ്മാണം, ബസാർ മേഖലയിലെ പുലിമുട്ട് ശൃംഖല ഉൾപ്പെടുന്ന പദ്ധതി എന്നിവയുടെ ഉദ്ഘാടനവും ചെല്ലാനം പഞ്ചായത്തിന്റെ വടക്കേയറ്റം വരെ 6.10 കിലോമീറ്റർ ദൈർഘ്യമുള്ള കടൽ ഭിത്തിയുടെ ടെട്രാപ്പോട് ഉപയോഗിച്ചുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണ ഉദ്ഘാടനവും ഇന്ന് വൈകിട്ട് 3.30ന് പുത്തൻതോട് ബീച്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാവും. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, കേരള സർക്കാർ പ്രതിനിധി കെ.വി തോമസ്, ഹൈബി ഈഡൻ എം പി , കെ ജെ മാക്സി എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ, ജില്ലാ കളക്ടർ ജി പ്രിയങ്ക, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഫ്സൽ നമ്പ്യാരത്ത്, കിഫ്ബി സി.ഇ.ഒ. കെ എം എബ്രഹാം, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശ്വനാഥ് സിൻഹ എന്നിവർ പങ്കെടുക്കും.

## മെഡിക്കൽ ഓഫീസർ നിയമനം

**കൊച്ചി:** കുമ്പളങ്ങി സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് രാത്രികാല ഒ.പി ഡ്യൂട്ടി നിർവഹിക്കുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. എം.ബി.ബി.എസ്സും ടി.സി.എം.സി രജിസ്ട്രേഷനുമുള്ളവർക്ക് അപേക്ഷിക്കാം.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം മാർച്ച് 10 രാവിലെ 10.00 ന് കുമ്പളങ്ങി സാമൂഹികാരോഗ്യകേന്ദ്രത്തിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്.

## അക്ഷയ കേന്ദ്രം സംരംഭകരാകാൻ അവസരം

**കൊച്ചി:** സംസ്ഥാന സർക്കാർ പുതുതായി അനുവദിച്ച 1037 അക്ഷയ കേന്ദ്രങ്ങളിൽ പട്ടികവിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 157 കേന്ദ്രങ്ങൾ നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. 103 എണ്ണം പട്ടികജാതി വിഭാഗത്തിനും 54 എണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനുമാണ് മാറ്റിവെച്ചിരിക്കുന്നത്. പൊതുവിഭാഗത്തിലുള്ള കേന്ദ്രങ്ങളിലും പട്ടികവിഭാഗക്കാർക്ക് അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ അപേക്ഷിക്കുന്നവർക്ക് 10 ശതമാനം മുൻഗണന ലഭിക്കും. വനിതകൾക്കും സ്വന്തമായി കെട്ടിട സൗകര്യമുള്ളവർക്കും അക്ഷയ കേന്ദ്രം തുടങ്ങുന്നതിന് മുൻഗണന ഉണ്ടായിരിക്കും. പ്ലസ് ടു അല്ലെങ്കിൽ പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ള 18നും 50നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പട്ടികവിഭാഗക്കാർക്ക് അക്ഷയ കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം പട്ടികജാതിപട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളിലൂടെ ഉറപ്പാക്കും . താൽപ്പര്യമുള്ളവർ ibsedp.lbscetnre.in എന്ന വിലാസത്തിൽ മാർച്ച് 7നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിനായുള്ള എഴുത്തുപരീക്ഷ ഏപ്രിൽ 11ന് നടക്കും. കൂടുതൽ വിവരങ്ങൾക്കായിwww.scstkeralacorporation.comഎന്ന വെബ്സൈറ്റ് സന്ദർശിക്കുക.


## കെൽട്രോൺ മാധ്യമ കോഴ്സുകൾ: മാർച്ച് 16 വരെ അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന 2026 അധ്യയന വർഷത്തെ വിവിധ മാധ്യമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ കെൽട്രോൺ നോളജ് സെന്ററുകളിലാണ് പരിശീലനം നടക്കുന്നത്. പ്രിന്റ് മീഡിയ, ടെലിവിഷൻ ജേർണലിസം, ഡിജിറ്റൽ മീഡിയ, വാർത്താ അവതരണം, ആങ്കറിംഗ്, പബ്ലിക് റിലേഷൻസ്, അഡ്വർടൈസിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ഉള്ളടക്ക നിർമ്മാണം, വീഡിയോ ക്യാമറ പരിശീലനം, വീഡിയോ എഡിറ്റിംഗ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത്. ബിരുദമുള്ളവർക്കും പ്ലസ്ടു കഴിഞ്ഞവർക്കും അപേക്ഷിക്കാം. അംഗീകൃത മാധ്യമ സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനവും ഇന്റേൺഷിപ്പും പ്ലേസ്മെന്റ് സപ്പോർട്ടും ലഭ്യമാകും. മാർച്ച് 16 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

## സൗജന്യ പരിശീലനം

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. മാർച്ച് 11, 12, 13 തീയതികളിലായി എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് ക്ലാസുകൾ നടക്കുന്നത്. കോർപ്പറേറ്റ് ഇന്റർവ്യൂകൾ, പ്ലേസ്മെന്റ് സെഷനുകൾ, റെസ്യൂമെ തയ്യാറാക്കൽ, ഇന്റർവ്യൂ പരിശീലനം തുടങ്ങിയ വിഷയങ്ങളിലാണ് മൂന്ന് ദിവസത്തെ പരിശീലനം നൽകുന്നത്. എംപ്ലോയബിലിറ്റി സെന്ററിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് 300 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്ത ശേഷം ക്ലാസ്സിൽ പങ്കെടുക്കാം. താൽപ്പര്യമുള്ളവർ മാർച്ച് 11 ന് രാവിലെ 10:30ന് എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ചേരേണ്ടതാണ്.

# നീളുന്ന യുദ്ധം, പെരുകുന്ന ദുരിതം



റ്റി. സി. മാത്യു
(മുതിർന്ന ധനകാര്യ ലേഖകൻ)

ഇറാൻ യുദ്ധം ഒരാഴ്ച പിന്നിട്ടു. അന്ത്യത്തെപ്പറ്റി ഒരു സൂചനയുമില്ല. യുദ്ധം തീർക്കാൻ ചർച്ചകൾ നടക്കുന്നതായും സൂചനയില്ല. ചർച്ചയ്ക്കില്ല, ഇറാനെ മുച്ചൂടും നശിപ്പിക്കലാണു ലക്ഷ്യം എന്നു യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറയുന്നു. ചർച്ചയില്ല, ഇസ്രയേലിനെ നശിപ്പിക്കും, അമേരിക്കയെ തുരത്തിയോടിക്കും എന്ന് ഇറാനും പറയുന്നു.

ആരു ജയിക്കും, തോൽക്കും എന്നതിനേക്കാൾ ലോകം നോക്കുന്നത് യുദ്ധം അവസാനിക്കുന്നതിലേക്കാണ്. യുദ്ധം നീളും തോറും ജനങ്ങളുടെ ദുരിതം കൂടും. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം നിലച്ചു. ലോകത്തിൽ കടലിലൂടെയുള്ള ക്രൂഡ് ഓയിലിന്റെയും ദ്രവീകൃത പ്രകൃതി വാതകത്തിന്റെ (എൽഎൻജി)യും 30–32 ശതമാനം ഹോർമുസ് കടലിടുക്കിലൂടെയാണു നീങ്ങുന്നത്. ഇന്ത്യ, ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളുടെ ഇന്ധന ഇറക്കുമതിയിൽ പകുതി ഇതു വഴിയാണ്. ഇന്ത്യയുടെ എൽപിജി ഇറക്കുമതിയിൽ മുന്തിയ പങ്കും ഇതു വഴി തന്നെ. മൊത്തം ആഗോള ഇന്ധന ഉപയോഗം നോക്കിയാൽ അതിൽ 20–22 ശതമാനം ഈ കടലിടുക്കിലൂടെ ആണ്. അതായത് ലോകത്തിന്റെ ഊർജ ഇന്ധന സുരക്ഷയ്ക്ക് യുദ്ധം ഭീഷണി ആയിരിക്കുന്നു. ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഇതിലൂടെ വരുന്നു ക്രൂഡ് ഓയിലിൽ നിന്നു പെട്രോളും ഡീസലും മാത്രമല്ല എടുക്കുന്നത്. പെയിന്റ്, പോളിഷ് എന്നിവയ്ക്കു വേണ്ട കെമിക്കലുകൾ, പാരഫിൻ, ബിറ്റുമിൻ (ടാർ), പോളിസ്റ്റർ നിർമാണത്തിനു വേണ്ട കെമിക്കലുകൾ തുടങ്ങിയവ കിട്ടുന്നു. ദ്രവീകൃത പ്രകൃതിവാതകം (എൽഎൻജി) വൈദ്യുതി, രാസവളം എന്നിവയുടെ നിർമാണത്തിനും വാഹന ഗതാഗതത്തിനും നഗരങ്ങളിലെ പാചകത്തിനും വേണം.

ഹോർമുസ് കടലിടുക്ക് ദീർഘനാൾ അടഞ്ഞു കിടന്നാൽ ക്രൂഡ് വില ബാരലിനു 100 ഡോളറും കടന്നു കുതിക്കും എന്നു വിപണി കണക്കാക്കുന്നു. 2007 ലെ 147 ഡോളറിനു മുകളിലേക്കു വരെ വില കയറിയാലും അത്ഭുതം വേണ്ട. ഒരാഴ്ച മുൻപുണ്ടായിരുന്നതിന്റെ ഇരട്ടിയാണിത്. ഹോർമുസ് അടഞ്ഞപ്പോൾ തന്നെ എൽഎൻജി വില 60 ശതമാനം കയറി. വലിയ എൽഎൻജി ഉൽപാദകരായ ഖത്തർ ഉൽപാദനം നിർത്തി. മിക്ക രാജ്യങ്ങളും ക്രൂഡ് ഓയിലും ഡീസലും പെട്രോളുമൊക്കെ വലിയ അളവിൽ സൂക്ഷിക്കുന്നുണ്ട്. ഇന്ത്യക്ക് 74 ദിവസത്തെ ആവശ്യത്തിനുള്ള ഇന്ധനം റിസർവ് ആയി ഉണ്ട്. ഇങ്ങോട്ടു വരുന്ന എണ്ണ ടാങ്കറുകളിലും എണ്ണക്കമ്പനികളുടെ സംഭരണികളിലും സർക്കാരിന്റെ തന്ത്രപ്രധാന ശേഖരത്തിലും കൂടി ഉള്ളതാണ് ഇത്. എണ്ണ കിട്ടാതായാൽ അതു മുഴുവനും എടുക്കാൻ പറ്റില്ല. പ്രതിരോധ സേനകൾക്കു വേണ്ട കരുതൽ നിലനിർത്തണം. ബാക്കിയേ സാധാരണ ആവശ്യങ്ങൾക്ക് എടുക്കാനാവൂ. വിശാഖപട്ടണം, മംഗലാപുരം, പാഡൂർ (കർണാടകം) എന്നിവിടങ്ങളിൽ ആണ് ഇന്ത്യയുടെ സ്ട്രാറ്റജിക് ഓയിൽ റിസർവ്. മൊത്തം ശേഷി 53.3 ലക്ഷം ടൺ. ഇത് ഒൻപതര ദിവസത്തെ ഉപയോഗത്തിനു തികയും. എണ്ണ കമ്പനികളുടെ സംഭരണികളിലും ഇങ്ങോട്ടു വരുന്ന കപ്പലുകളിലും കൂടി 64.5 ദിവസത്തേക്കു വേണ്ട ക്രൂഡ് ഉണ്ട്. ഇങ്ങനെ മൊത്തം 74 ദിവസത്തേക്കു വേണ്ടത്ര ക്രൂഡ്. ക്രൂഡും മറ്റും സൂക്ഷിക്കുന്നതുപോലെ എൽഎൻജിയും എൽപിജിയും സൂക്ഷിക്കാറില്ല. കൂടുതൽ സ്ഥലം വേണം. അപകടസാധ്യതയും കൂടുതൽ. ക്ഷാമം വരുമ്പോൾ ഈ വാതകങ്ങൾ ആദ്യം തീരും. ഹോർമുസ് വഴിയുള്ളതു മുടങ്ങിയാൽ പകരം അത്രയും ഇന്ധനവും വാതകവും കിട്ടാൻ വഴിയില്ല. ഉത്പാദനശേഷി ഒരു മാസമോ ആറു മാസമോ കൊണ്ടു വർധിപ്പിക്കാൻ പറ്റില്ല. തുറമുഖശേഷി വർധിപ്പിക്കാനും കാലമെടുക്കും. അതായതു ഹോർമുസ് ഉപരോധം നീണ്ടാൽ ലോകം വലയും.

30 ദിവസത്തേക്കു റഷ്യൻ എണ്ണ വാങ്ങാൻ ഇന്ത്യൻ കമ്പനികൾക്ക് അമേരിക്ക ഈയാഴ്ച അനുമതി നൽകി. ലോകവിപണിയിലെ ക്രൂഡ് വിലക്കയറ്റം നിയന്ത്രിക്കുകയാണ് അനുമതിയുടെ ലക്ഷ്യം. ഇന്ത്യക്ക് തൽക്കാലം ഇതു വലിയ ആശ്വാസമാകും. ഇന്നലെ യുഎഇയുടെ മർബൻ ക്രൂഡ് വീപ്പയ്ക്കു 94 ഡോളറിനു മുകളിൽ എത്തിയിരുന്നു. 2025ൽ ലോകത്തിലെ കടൽ മാർഗമുള്ള ക്രൂഡ് ഓയിൽ നീക്കത്തിന്റെ 31 ശതമാനം ഹോർമുസ് വഴിയായിരുന്നു. പ്രതിദിനം 130 ലക്ഷം വീപ്പ ക്രൂഡ് ഓയിൽ ആണു കഴിഞ്ഞ വർഷം ആ കടലിടുക്കിലൂടെ അറബിക്കടലിലേക്കു കടന്നത്. 2025 ൽ ഇന്ത്യയുടെ ഇറക്കുമതിയിൽ 60 ശതമാനം പശ്ചിമേഷ്യയിൽ നിന്നായിരുന്നു. അത്രയും ഹോർമുസിലൂടെയാണു വന്നത്.




കപ്പൽ നീക്കം മുടങ്ങിയതോടെ ഖത്തർ പ്രകൃതിവാതക ഉൽപാദനം നിർത്തി. ഇന്ത്യയുടെ എൽഎൻജി ആവശ്യത്തിന്റെ 53 ശതമാനം ഖത്തറിലും യുഎഇയിലും നിന്നാണ്. അതു മുഴുവൻ ഹോർമുസ് വഴിയും. പാക്കിസ്ഥാന്റെ 99 ഉം ബംഗ്ലാദേശിന്റെ 72 ഉം ശതമാനം എൽഎൻജി ഇറക്കുമതി ഇതുവഴി തന്നെയാണ്. ഇറാന്റെ എണ്ണയുടെ 80 ശതമാനവും വാങ്ങുന്ന ചൈനയുടെ എണ്ണ ഇറക്കുമതിയുടെ 40 ശതമാനം ഹോർമുസ് വഴിയാണ്. എൽഎൻജി ഇറക്കുമതിയുടെ 30 ശതമാനവും ഇതിലേ തന്നെ. ജപ്പാൻ, ദക്ഷിണ കൊറിയ തുടങ്ങി എല്ലാ ഏഷ്യൻ രാജ്യങ്ങൾക്കും ഹോർമുസ് ആണ് ഊർജ കവാടം. അത് അടഞ്ഞു കിടന്നാൽ ഏഷ്യൻ സമ്പദ്ഘടനകൾ നിശ്ചലമാകും. വലിയ സാമ്പത്തിക തകർച്ചയാകും ഫലം. എണ്ണ ഉപയോഗം ഇത്രയും ഇല്ലാതിരുന്ന 1979 ലെ ഇസ്ലാമിക വിപ്ലവവും തുടർന്നുണ്ടായ ഇറാഖ് ഇറാൻ യുദ്ധവും നടന്നപ്പോൾ ക്രൂഡ് ഓയിൽ വില മൂന്നു മടങ്ങായി വർധിച്ചു. 1979 ആദ്യം 13 ഡോളർ ആയിരുന്ന ക്രൂഡ് വില പിറ്റേ വർഷം ഫെബ്രുവരിയിൽ 40 ഡോളറിൽ എത്തി. 1981 മുതൽ വില ഇടിഞ്ഞ് 1986ൽ 12 ഡോളറിലേക്കു തിരിച്ചെത്തി.

1990 ഓഗസ്റ്റിൽ ഇറാഖ് കുവൈറ്റിനെ കീഴടക്കിയപ്പോൾ എണ്ണവില 15 ഡോളറിൽ നിന്നു രണ്ടു മാസം കൊണ്ട് 40 ഡോളറിലേക്കു കുതിച്ചു. ഇറാഖിനെ തുരത്തിയ ശേഷമാണ് വില 20 ഡോളറിലേക്കു താഴ്ന്നത്. 2007–08 ൽ ലോകത്തിന്റെയും ഇന്ത്യ, ചൈന രാജ്യങ്ങളുടെയും സാമ്പത്തിക വളർച്ച ഉയർന്ന തോതിലായപ്പോൾ ക്രൂഡ് ഓയിൽ വില കുതിച്ചു കയറിയ സംഭവവും ഉണ്ട്. 50 ഡോളറിനു താഴെ നിന്ന് 2008 ജൂലൈയിൽ 147 ഡോളറിൽ എത്തി. പിറ്റേ വർഷം ആഗോള സാമ്പത്തിക മാന്ദ്യം വന്നിട്ടാണു വില ഇടിഞ്ഞത്. അത്തരമൊരു സാഹചര്യത്തിലേക്കാണ് കാര്യങ്ങൾ പോകുന്നത്. യുദ്ധം ഒരാഴ്ച പിന്നിടുമ്പോൾ ക്രൂഡ് വിലക്കയറ്റം 20 ശതമാനം മാത്രമാണ്. 71 ഡോളറിൽ നിന്ന് 86 ഡോളറിലേക്ക് ബ്രെന്റ് ഇനം ക്രൂഡ് എത്തി. യുദ്ധം ഉടനെങ്ങും തീരില്ല എന്നായാൽ അവിടെ നിന്നു നൂറും നൂറ്റൻപതും ഡോളറിലേക്കു പായാൻ പ്രയാസമില്ല. പാചകവാതക കുറ്റി മാറാൻ 40 ഉം 50 ഉം ദിവസം വേണമെന്നും പെട്രോളിനു 150 രൂപ നൽകണമെന്നും ഒക്കെ വരുന്ന സാഹചര്യം ചിന്തിക്കേണ്ടി വരും. അതാണ് എല്ലാവരും യുദ്ധം വേഗം തീരാൻ പ്രാർഥിക്കുന്നത്

ട്രംപിന്റെ അമേരിക്കയിലും ജനങ്ങൾ ആഗ്രഹിക്കുന്നതു യുദ്ധം വേഗം തീരണം എന്നാണ്. ടെക്സസിലെ പമ്പുകളിൽ കഴിഞ്ഞ മാസം 2.45 ഡോളറിനു കിട്ടിയിരുന്ന പെട്രോളിന് ഇപ്പോൾ വില 2.82 ഡോളർ ആയി. ഒപ്പം ഇറച്ചിയും മുട്ടയും മുതൽ എല്ലാറ്റിനും വില കൂടുന്നു. ഇനിയും കൂടും എന്ന ഭീഷണി നിലനിൽക്കുന്നു. സർവേകളിൽ ട്രംപിനു പിന്തുണ കുറഞ്ഞു വരുന്നു. ഇറാൻ യുദ്ധത്തെ എതിർക്കുന്നവർ 60 ശതമാനത്തിനടുത്തായി എന്നാണു പുതിയ സർവേകൾ കാണിക്കുന്നത്. നീണ്ട യുദ്ധം എല്ലായിടത്തും സാമ്പത്തികവളർച്ച കുറയ്ക്കും. വളർച്ച കുറയുകയും എണ്ണവില 100 ഡോളറിനു മുകളിലാകുകയും ചെയ്താൽ സ്റ്റാഗ്ഫ്ളേഷൻ (മാന്ദ്യവും പണപ്പെരുപ്പവും ഒന്നിച്ചു വരുന്ന അവസ്ഥ) ഉണ്ടാകും.

യുദ്ധം നീളുന്നതു ഗൾഫ് രാജ്യങ്ങളിലെ വളർച്ചയെ സാരമായി ബാധിക്കും. ഒരു കോടിയിലധികം പ്രവാസി ഇന്ത്യക്കാർ അവിടെ ജോലി ചെയ്യുന്നു. അവരിൽ നിന്നുള്ള വരവ് കുറയുന്നത് ഇന്ത്യക്കു ക്ഷീണമാകും. യുദ്ധം നീണ്ടാൽ ഇന്ത്യയിൽ നിന്നു ഗൾഫിലേക്കുള്ള കയറ്റുമതി തടസപ്പെടും. അതും ഇന്ത്യക്കു തിരിച്ചടിയാകും. ഗൾഫ് മേഖലയിൽ ഇന്ത്യൻ കമ്പനികൾക്കു കിട്ടിയിട്ടുള്ള വലിയ നിർമാണ കരാറുകൾക്കും ക്ഷീണമാകും. യുദ്ധം വേഗം തീർന്നാൽ പുനർനിർമാണ ജോലികളും മറ്റും കിട്ടുകയും ചെയ്യും. യുദ്ധം യു.എ.ഇ.യുടെയും മറ്റു ഗൾഫു രാജ്യങ്ങളുടെയും വളർച്ചസ്വപ്നത്തിനു ചെറുതല്ലാത്ത ആഘാതം ഏൽപിച്ചു ശാന്തമായ നാട് എന്ന ഖ്യാതി നഷ്ടമാകുന്നു. വ്യോമയാനത്തിലും ടൂറിസത്തിലും മാത്രമല്ല ഇതു നഷ്ടം വരുത്തുന്നത്. ധനകാര്യ കേന്ദ്രം എന്ന നിലയിലെ ദുബായിയുടെ വളർച്ചയും ദുബായിയിലേക്കുള്ള മൂലധന പ്രവാഹവും തടസപ്പെടുത്തുന്നതാണ് ആക്രമണങ്ങൾ.

സ്വസ്ഥജീവിതം ആഗ്രഹിക്കുന്ന മുതിർന്ന പ്രായക്കാരായ അതിസമ്പന്നരെയും ഉല്ലാസം ആഗ്രഹിക്കുന്ന സമ്പന്ന ചെറുപ്പക്കാരെയും ആകർഷിക്കൽ അതിന്റെ ഒരു ഭാഗം. നിർമിതബുദ്ധി അടക്കമുള്ള ഉച്ച സാങ്കേതിക വിദ്യയുടെ കേന്ദ്രമാകുന്നതു മറ്റൊരു ഭാഗം. സാങ്കേതികമായി ഏറ്റവും മികച്ചതും ഇടപാടുകളുടെ തോതിൽ ഏറ്റവും വലുതുമായ ധനകാര്യ തലസ്ഥാനമായി ഗൾഫിനെ മാറ്റുന്നത് അടുത്ത ഭാഗം. സിംഗപ്പൂരിനും ലണ്ടനും ന്യൂയോർക്കിനും ബദലായി ദുബായിയെ ഉയർത്താനുള്ള ശ്രമങ്ങൾ അതിൽ പെടുന്നു. യുദ്ധം ഒരാഴ്ച പിന്നിടും മുമ്പേ ഈ മോഹങ്ങൾക്ക് ആഘാതം ഏറ്റു തുടങ്ങി. ഏതു വിധേനയും ദുബായിയിൽ നിന്നു രക്ഷപ്പെടാൻ ദശലക്ഷങ്ങൾ മുടക്കി വാടക വിമാനങ്ങൾ തേടുകയാണ് അതി സമ്പന്നർ. യുദ്ധത്തിന്റെ നഷ്ടം.



# തലസ്ഥാന നഗരിയിൽ കെഫോൺ തരംഗം: കണക്ഷൻ പതിനായിരം പിന്നിട്ടു

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ ഡിജിറ്റൽ വികസനത്തിന് ശക്തമായ അടിത്തറ ഒരുക്കി കെഫോൺ പദ്ധതിക്ക് തലസ്ഥാന നഗരിയിൽ മികച്ച മുന്നേറ്റം. തിരുവനന്തപുരം ജില്ലയിൽ കെഫോൺ കണക്ഷനുകളുടെ എണ്ണം പതിനായിരം കടന്ന് ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. ജില്ലയിൽ 6094 ഗാർഹിക കണക്ഷനുകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 867 കുടുംബങ്ങൾക്കും 2769 സർക്കാർ സ്ഥാപനങ്ങൾക്കും കെഫോൺ സേവനം ലഭ്യമാക്കി. മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം നൽകുന്നതിലൂടെ ജനപ്രീതി നേടുകയാണ് പദ്ധതി. ഓപ്പറേറ്റർമാരുടെ മികച്ച സേവനവും ഉപഭോക്തൃ വിശ്വാസവും തലസ്ഥാന നഗരിയിൽ കെഫോണിന്റെ വളർച്ചയ്ക്ക് നിർണ്ണായകമായെന്ന് അധികൃതർ വ്യക്തമാക്കി. വിദ്യാഭ്യാസം, ആരോഗ്യം, സർക്കാർ സേവനങ്ങൾ എന്നിവ ഉൾപ്പെടെ വിവിധ മേഖലകളിൽ വലിയ മാറ്റം കൊണ്ടുവരാൻ കെഫോണിനു സാധിച്ചിട്ടുണ്ട്.

കൂടുതൽ പ്രദേശങ്ങളിലേക്ക് സേവനം വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് കെഫോൺ അധികൃതർ വ്യക്തമാക്കി.

പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാം.

KFON
INTERNET - A BASIC RIGHT

## ഇലക്ട്രിക് വാഹനങ്ങളിൽ ഇനി ബാറ്ററി ഫ്ളെക്സ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ അൾട്രാവയലറ്റിന്റെ വാഹനങ്ങളിൽ ബാസ് സംവിധാനമായ 'ബാറ്ററി ഫ്ളെക്സ്' അവതരിപ്പിച്ചു. ഇക്കോഫി എന്ന എൻബിഎഫ്സിയുമായി ചേർന്നാണ് അൾട്രാവയലറ്റ് തങ്ങളുടെ വാഹനങ്ങൾക്കായി ബാറ്ററി അസ് എ സർവ്വീസ് ബാസ് സംവിധാനം അവതരിപ്പിച്ചത്. ബാറ്ററി ഫ്ളെക്സ് സംവിധാനത്തിലൂടെ 2.5 ലക്ഷം രൂപ വിലയുണ്ടായിരുന്ന അൾട്രാവയലറ്റിന്റെ എക്സ് 47 മോഡൽ 1.49 ലക്ഷം രൂപ മുതൽ സ്വന്തമാക്കാം. പ്രതിമാസം 2499 രൂപ മുതലാണ് ബാറ്ററി വാടക. ബാറ്ററിക്ക് അഞ്ച് വർഷം വാറന്റിയും ലഭിക്കും. സബ്സ്ക്രിപ്ഷൻ കാലാവധി കഴിയുമ്പോൾ അധിക തുക നൽകാതെ ബാറ്ററിയുടെ ഉടമസ്ഥാവകാശം വാഹന ഉടമയിലേക്ക് മാറ്റി നൽകും. ബാറ്ററി ഫ്ളെക്സ് സംവിധാനത്തിലേക്കുള്ള അംഗത്വം മാർച്ച് അഞ്ച് മുതൽ ആരംഭിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

## പുതിയ എസി ശ്രേണിയുമായി പാനാസോണിക്

**കൊച്ചി:** ഇന്ത്യയിലെ കഠിനമായ കാലാവസ്ഥയെ നേരിടാൻ പ്രത്യേകം രൂപകൽപ്പന ചെയ്ത റെസിഡൻഷ്യൽ എയർ കണ്ടീഷണർ ശ്രേണി പുറത്തിറക്കി പാനാസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യ (പിഎൽഎസ്ഐഎൻഡി). മികച്ച പ്രകടനം, ഊർജക്ഷമത, സ്മാർട്ട് സാങ്കേതികവിദ്യ എന്നിവ സംയോജിപ്പിച്ച 57 പുതിയ മോഡലുകൾ കമ്പനിയുടെ 2026 പോർട്ട്ഫോളിയോയിൽ ഉൾപ്പെടുന്നു. സാങ്കേതികവിദ്യയിലെയും നിർമ്മാണത്തിലെയും തുടർച്ചയായ നിക്ഷേപങ്ങൾ അടിസ്ഥാനമാക്കി 2028 സാമ്പത്തിക വർഷത്തോടെ എയർ കണ്ടീഷണർ ഉൽപ്പാദനം ഏകദേശം 2 ദശലക്ഷം യൂണിറ്റായി ഉയർത്തുക എന്നതാണ് കമ്പനിയുടെ പ്രധാന ലക്ഷ്യമെന്ന് പാനസോണിക് എച്ച് വി എസി ആന്റ് സിസി ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഹിരോകാസു കമോഡ പറഞ്ഞു. ഡസ്റ്റ്ബസ്റ്റർ ടെക്നോളജി പുതിയ ശ്രേണിയിലെ പ്രധാന സവിശേഷതയാണ്. ഔട്ട്ഡോർ യൂണിറ്റിൽ നിന്ന് പൊടി സ്വയമേ പുറത്തേക്കൊഴുക്കുന്ന 'ഓട്ടോ റിവേഴ്സ്ഫ്ളോ' ഫാൻ സംവിധാനമാണ് ഇത്.

ഇതിലൂടെ സ്ഥിരതയുള്ള തണുപ്പിക്കൽ, മികച്ച കാര്യക്ഷമത, ദീർഘകാല ഈട് എന്നിവ ഉറപ്പാക്കുന്നു. 2028 സാമ്പത്തിക വർഷത്തോടെ എസി ഉൽപ്പാദനം ഏകദേശം 2 ദശലക്ഷം യൂണിറ്റായി ഉയർത്തുകയാണ് കമ്പനിയുടെ പ്രധാന ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നിറമില്ലാത്ത ജീവിതങ്ങളെ ബ്ലാക്ക് ആൻഡ് വൈറ്റിൽ പകർത്തി എൻഡോസൾഫാൻ ഫോട്ടോ പ്രദർശനം

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി പ്രാദേശിക കലാകാരന്മാർക്കായി ഒരുക്കിയിട്ടുള്ള 'ഇടം' പ്രദർശന വേദിയായ ഗാർഡൻ കൺവെൻഷൻ സെന്ററിൽ ഒരുക്കിയിരിക്കുന്ന എൻഡോസൾഫാൻ ദുരന്തത്തെ ആസ്പദമാക്കിയുള്ള ഫോട്ടോ പ്രദർശനം പൂർണമായും ബ്ലാക്ക് ആൻഡ് വൈറ്റിലാണ്. ന്യൂസ് ഫോട്ടോ ജേണലിസ്റ്റ് മധുരാജ് ഒരുക്കിയ ഈ പ്രദർശനം കീടനാശിനിയുടെ വിനാശകരമായ ആഘാതങ്ങൾ സ്വന്തം ശരീരങ്ങളുടെ നേർക്കാഴ്ചയായി ലോകത്തിനു മുന്നിൽ പ്രദർശിപ്പിച്ച ഒരു ജനസമൂഹത്തിന്റെ സാക്ഷ്യപത്രമാണ്.

ഐശ്വര്യ സുരേഷും കെ.എം. മധുസൂദനനും ചേർന്ന് ക്യൂറേറ്റ് ചെയ്യുന്ന 'ഇടം', മട്ടാഞ്ചേരിയിലെ ക്യൂബ് ആർട്ട് സ്പേസ്, അർമാൻ കളക്ടീവ് ആൻഡ് കഫേ, ഗാർഡൻ കൺവെൻഷൻ സെന്റർ എന്നിവിടങ്ങളിലായാണ് നടക്കുന്നത്.

കാസർകോട്ടെ ദുരിതബാധിതരായ കുടുംബങ്ങളുടെ ദീർഘകാലത്തെ പോരാട്ടവും എൻഡോസൾഫാൻ ആഗോളതലത്തിൽ നിരോധിക്കുന്നതിലേക്ക് നയിച്ച ഒരു പതിറ്റാണ്ട് നീണ്ട ജനകീയ മുന്നേറ്റവും മധുരാജ് ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു.

കുനിഞ്ഞു നിൽക്കാൻ പോലും പറ്റാത്ത വൈകല്യങ്ങളോടെ ജനിച്ച കുട്ടികൾ, ആത്മഹത്യ ഉൾപ്പെടെയുള്ള കടുത്ത മാനസികസാമ്പത്തിക പ്രതിസന്ധികളിലേക്ക് തള്ളപ്പെട്ട കുടുംബങ്ങൾ, നീതിക്കും പുനരധിവാസത്തിനുമായി പോരാടുന്ന ജനത തുടങ്ങിയ ചിത്രങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാളികളായ 36 കലാകാരന്മാരുടെയും കൂട്ടായ്മകളുടെയും കലാ പ്രോജക്റ്റുകളാണ് 'ഇട'ത്തിൽ പ്രദർശിപ്പിക്കുന്നത്.



# വൺ പോയിന്റ് വൺ സൊലൂഷൻസ് നെറ്റ്കോമിനെ ഏറ്റെടുത്തു

**കൊച്ചി:** ലിസ്റ്റഡ് കമ്പനിയായ വൺ പോയിന്റ് വൺ സൊലൂഷൻസ് ലിമിറ്റഡ്, ലാറ്റിനമേരിക്കൻ കമ്പനിയായ നെറ്റ്കോം ബിസിനസ് കോൺടാക്റ്റ് സെന്റർ എസ്എ യെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയാക്കി. 33.37 മില്യൺ യുഎസ് ഡോളറിനാണ് (305 കോടി രൂപ) വൺ പോയിന്റ് വൺ സൊലൂഷൻസ് നെറ്റ്കോമിനെ സ്വന്തമാക്കിയത്.

നെറ്റ്കോമിനെ ഏറ്റെടുത്തതോടെ ബാങ്കിംഗ്, ധനകാര്യ സേവന, ഇൻഷുറൻസ് (ബിഎഫ്എസ്ഐ) മേഖലകളിൽ വൺപോയിന്റ് വണ്ണിന്റെ കരുത്ത് പലമടങ്ങ് വർധിക്കും. കമ്പനിയുടെ വളർച്ചയിൽ പ്രതിവർഷം 25 ശതമാനം വർധനവാണ് പ്രതീക്ഷിക്കുന്നത്.




ഇതോടെ കമ്പനിയുടെ സാന്നിധ്യം മധ്യ, ലാറ്റിനമേരിക്കൻ വിപണികളിലെത്തും. ആദ്യ പടിയായി കോസ്റ്റാറിക്ക, കൊളംബിയ, പനാമ എന്നീ രാജ്യങ്ങളിലും തുടർന്ന് വടക്കേ അമേരിക്ക, മധ്യ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും വൺ പോയിന്റ് വണ്ണിന്റെ സേവനം ലഭ്യമാവും. ഫണ്ട് ശേഖരണം, കെവൈസി വെരിഫിക്കേഷൻ, തട്ടിപ്പ് തടയൽ, ഇടപാടുകാരെ സഹായിക്കൽ, വായ്പാ നിർവഹണ നടപടികൾ എന്നീ സേവനങ്ങൾക്കായി ബാങ്കിംഗ് കേന്ദ്രീകൃത ബിസിനസ് പ്രോസസ് മാനേജ്മെന്റ് കമ്പനിയായ നെറ്റ്കോമിന് വിപുലമായ സംവിധാനമുണ്ട്.

നെറ്റ്കോമിനെ ഏറ്റെടുത്തതോടെ ആഗോള സാന്നിധ്യമുള്ള എഐ ഫസ്റ്റ് ബിപിഎം കമ്പനി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക ചുവടുവെപ്പ് നടത്തിയതായി വൺപോയിന്റ് വൺ മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ അക്ഷയ് ഛത്രബ്ര പറഞ്ഞു. വൺപോയിന്റ് വണ്ണുമായി കൈകോർക്കുന്നത് നെറ്റ്കോം ബിസിസിയെ സംബന്ധിച്ചേടത്തോളം ആവേശകരമായ അധ്യായമാണെന്ന് നെറ്റ്കോം ബിസിനസ് കോൺടാക്റ്റ് സെന്റർ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഫെർണാണ്ടോ മുറില്ലോ അഭിപ്രായപ്പെട്ടു.

# നേഴ്സുമാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം വേതനം നൽകുമെന്ന് ആസ്റ്റർ

**കൊച്ചി:** നേഴ്സുമാരുടെ മിനിമം വേതന വിഷയത്തിൽ കേരള സർക്കാർ സ്വീകരിക്കുന്ന തീരുമാനത്തെ പൂർണ്ണമായും ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ പിന്തുണയ്ക്കുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. രാജ്യത്തിന്റെ ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ കരുത്തും നട്ടെല്ലുമാണ് നഴ്സുമാർ. രോഗീപരിചരണത്തിൽ അവർ നൽകുന്ന സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്.

നേഴ്സിംഗ് എന്ന മഹത്തായ തൊഴിലിനോട് എന്നും ആദരവ് പുലർത്തുന്ന സ്ഥാപനമാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ.വേതനവുമായി ബന്ധപ്പെട്ട് കേരളത്തിലെ നേഴ്സുമാർ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ ഞങ്ങൾ മനസ്സിലാക്കുന്നു.

സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി ജീവനക്കാരുടെ വേതനം ക്രമീകരിക്കുന്നതിൽ ആസ്റ്റർ എപ്പോഴും കൃത്യത പുലർത്തിയിട്ടുണ്ട്. നിയമപരമായ വേതനത്തിന് പുറമെ, ജീവനക്കാർക്കുള്ള ഇൻഷുറൻസ് പരിരക്ഷയും ബോർഡിന്റെയും മാനേജ്മെന്റിന്റെയും തീരുമാനപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും ഞങ്ങൾ ഉറപ്പാക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെഎസ്ആർടിസി ബിസിനസ് ക്ലാസ് ബസ് 15 മുതൽ സർവ്വീസ് തുടങ്ങും

**കൊച്ചി:** കെഎസ്ആർടിസിയുടെ ബിസിനസ് ക്ലാസ് ബസ് ഈ മാസം 15 ഓടെ ഓടിത്തുടങ്ങുമെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ.ബി ഗണേഷ്കുമാർ പറഞ്ഞു. നവീകരിച്ച എറണാകുളം കെഎസ്ആർടിസി ഡിപ്പോയുടെ ഉദ്ഘാടനവും പുതിയ ബസ്സ് സ്റ്റാൻഡിന്റെ നിർമ്മാണ ഉദ്ഘാടനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ടിക്കറ്റ് റിസർവ് ചെയ്യുന്നതിനോടൊപ്പം ഭക്ഷണം ബുക്ക് ചെയ്യാനുള്ള സൗകര്യം, മികച്ച ടോയ്‌ലറ്റ് സൗകര്യം, ബസ് ഹോസ്റ്റസ് സൗകര്യം എന്നിവയോടെയാണ് ബിസിനസ് ക്ലാസ് ബസ്സുകൾ സർവീസ് ആരംഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ നിന്ന് തിരുവനന്തപുരത്തേക്കും തിരിച്ചും സർവീസുകൾ ഉണ്ടായിരിക്കും.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് നാലു മണിക്കൂറിനുള്ളിൽ എത്തുന്ന തരത്തിലാണ് സർവീസുകൾ ക്രമീകരിച്ചിരിക്കുന്നത് എന്നും മന്ത്രി പറഞ്ഞു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തമിഴ്നാട്ടിലേക്ക് ബജറ്റ് ടൂറിസം ആരംഭിക്കും. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള ബജറ്റ് ടൂറിസവും റിസോർട്ടുകളിൽ താമസം ഒരുക്കുന്ന റിസോർട്ട് ബജറ്റ് ടൂറിസവും ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.


നവീകരിച്ച എറണാകുളം കെ.എസ്.ആർ.ടി.സി ടെർമിനലിൽ വനിതാ കണ്ടക്ടർമാർക്കൊപ്പം ഗതാഗത മന്ത്രി കെ.ബി. ഗണേഷ് കുമാർ

ടി.ജെ വിനോദ് എംഎൽഎയുടെ ആസ്തി വികസനഫണ്ടും, ബിപിസിഎലിന്റെയും ജിയോജിത്തിന്റെയും സി എസ് ആർ ഫണ്ടും ഉപയോഗിച്ചാണ് എറണാകുളം കെഎസ്ആർടിസി ബസ്സ് സ്റ്റാന്റ് നവീകരിച്ചത്.

ചടങ്ങിൽ ടി. ജെ വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി, കൊച്ചി കോർപ്പറേഷൻ മേയർ വി. കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, വാർഡ് കൗൺസിലർ കെ. വി. പി കൃഷ്ണകുമാർ, കെ.എസ്.ആർ.ടി.സി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. പി. എസ് പ്രമോജ് ശങ്കർ, പി.ഡബ്ല്യു.ഡി എ.ഇ ഇ. ബഷീർ , ബിപിസിഎൽ പ്രതിനിധി സുജിത്ത്, ജിയോജിത്ത് സി.എം. ഡി സി. ജെ ജോർജ്, ഹരിത മിഷൻ ജില്ലാ കോ-ഓഡിനേറ്റർ എസ്. രഞ്ജിനി, എറണാകുളം അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ എ. അജിത്ത്, വിവിധ സംഘടന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# മൽസ്യബന്ധന മേഖലയെ രൂപപ്പെടുത്തൽ: എസ്ഐഎഫിന് നിർണ്ണായക സ്ഥാനം



**കൊച്ചി:** രാജ്യത്തിന്റെ മൽസ്യബന്ധന മേഖലയെ രൂപപ്പെടുത്തുന്നതിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന് നിർണ്ണായക സ്ഥാനമെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന്റെ ഒരുവർഷം നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കടൽഭക്ഷ്യ സംസ്കരണം, അക്വാകൾച്ചർ മേഖല ഉൾപ്പെടെ രാജ്യത്തിന്റെ വ്യവസായ വികസനത്തിന് കേരളത്തിൽ നിന്നും കഴിവുറ്റ പ്രൊഫഷണലുകളെയും മാനേജർമാരെയും വളർത്തിയെടുക്കുന്നതിൽ സ്കൂൾ നിർണായക പങ്ക് വഹിച്ചു. സമൂഹവും, പരിസ്ഥിതിയും നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിലും, മത്സ്യതൊഴിലാളി സമൂഹം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ ഉയർച്ചയ്ക്കായി നടത്തിയ പ്രവർത്തനങ്ങളും എടുത്തു പറയേണ്ടതാണ്.

സ്കൂളിന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ അമ്പതു വർഷം ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെടാൻ ഇടയായതുപോലെ വരുന്ന അമ്പതു വർഷം സ്കൂൾ കൈവരിക്കേണ്ട നേട്ടങ്ങൾക്കു വേണ്ടി സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും ശ്രമിക്കേണ്ടതാണെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫസർ ജുനൈദ് ബുഷൈറി അധ്യക്ഷത വഹിച്ചു. സെൻട്രൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഡയറക്ടർ ഡോ . ജോർജ് നൈനാൻ, സീ ഫുഡ് എക്സ്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ സി. ഇ. ഒ കെ. എൻ രാഘവൻ, ദേശീയ വൈസ് പ്രസിഡന്റ് അലക്സ് നൈനാൻ തുടങ്ങിയവർ സംസാരിച്ചു.

മത്സ്യ ശാസ്ത്രം , വ്യവസായം , നയ രൂപീകരണം, എന്നീ മേഖലകളിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ മുൻ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് സുവർണ ജൂബിലി ബഹുമതികളും പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിച്ചു. മൽസ്യമേഖലയെ മാറ്റിമറിച്ച അഞ്ചു ദശാബ്ദങ്ങൾ-ശാസ്ത്രം, നവീകരണം, സാങ്കേതിക വിദ്യയിലൂടെ എസ് ഐ എഫ്-കുസാറ്റ് യാത്രയും ഭാവി ദിശകളും എന്ന വിഷയത്തിൽ സംവാദവും നടന്നു. പ്രൊഫ.ബി. മധുസൂദനകുറപ്പ് വിഷയാവതരണം നിർവ്വഹിച്ചു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖർ മുഖ്യപ്രഭാഷണം നടത്തി.

